## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5312** 25/10/2011-ൽ മറുപടിക്ക്

## സർക്കാർ സ്കൂളുകളുടെ അധ്യയന നിലവാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സർക്കാർ സ്കൂളുകളുടെ അധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നത്; | എ) അവധിക്കാല അദ്ധ്യാപക പരിശീലനം, മെച്ചപ്പെട്ട പാഠപുസ്തക വിതരണം, സ്കോളർഷിപ്പുകളുടെ വിതരണം, ഐ.സി.റ്റി.യുടെ സഹായത്തോടെയുള്ള ക്ലാസുകൾ, അദ്ധ്യാപക തുടർ പരിശീലനം, തൽസ്ഥല പിൻതുടർ സംവിധാനം, ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നീ പദ്ധതികൾ സർക്കാർ സ്കൂളുകളുടെ അധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കി വരുന്നു. കൂടാതെ എസ്.സി.ഇ.ആർ.ടി. യുടെ ആഭിമുഖ്യത്തിൽ നിരന്തരവും സമഗ്രവുമായ മൂല്യ നിർണ്ണയ പ്രക്രിയ കാര്യക്ഷമ മാക്കുന്നതിനും, അധ്യാപകരുടെ ശാക്തീകരണം ഉറപ്പാക്കുന്നതിനും, ഗുണമേന്മ നേടുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങളും, സ്പെഷ്യൽ സ്കൂളുകളിലെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പാഠ്യപദ്ധതി, adaptation, അധ്യാപക ശാക്തീകരണം, നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തൽ എന്നിവയും, സർവ്വ ശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ പ്രത്യേക ഗ്രാന്റുകളുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കൽ, സമഗ്ര വിദ്യാലയ വികസനപ്ലാൻ (WSDP), BaLA (Building as a Learning Aid) എന്ന പ്രവർത്തനങ്ങൾ, അധ്യാപക പരിശീലനങ്ങൾ, പ്രഥമാധ്യാപകർക്കുള്ള പ്രത്യേക നേതൃത്വ പരിശീലനങ്ങൾ, |

(.....2)

| | | | |
|---|---|---|---|
| | | | അധ്യാപകശാക്തീകരണ പ്രവർത്തനങ്ങൾ,ഹെൽപ്ഡെസ്കുകൾ, പഠന വീടുകൾ, എല്ലാ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കും വർഷം തോറും 3 ദിവസത്തെ സമഗ്രപരിശീലനം എന്നിവയും നടപ്പിലാക്കി വരുന്നു. വി.എച്ച്.എസ്.ഇ. സ്കൂളുകളുടെ അധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിന് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി, ഓൺ ദി ജോബ് ട്രെയിനിംഗ്, പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്ററുകൾ മോഡൽ വി.എച്ച്.എസ്. സ്കൂളുകൾ, ഫിനിഷിംഗ് സ്കൂളുകൾ, അദ്ധ്യാപക പരിശീലനം, റെമഡിയൽ കോച്ചിംഗ് എന്നിവയും നടപ്പാക്കി വരുന്നു. |
| ബി) | സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് പ്രാതൽ, ഉച്ച ഊണ്, വൈകിട്ട് ഒരു ഗ്ലാസ് പാൽ എന്നിവ കൊടുക്കുന്ന പദ്ധതി കേരളത്തിൽ എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കുമോ? | ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ